**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 826** **29-08-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ വികസനപദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2016-17 ൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ കാവനാട് പട്ടികജാതി കോളനിയിലും മുരിക്കിങ്ങൽ കോളനിയിലും അംബേദ്കർ ഗ്രാമ വികസനപദ്ധതി പ്രകാരം അനുമതി ലഭിച്ച നിർമ്മാണ പ്രവർത്തനങ്ങൾ പ്രളയം, കോവിഡ് മഹാമാരി തുടങ്ങിയവ മൂലം ആരംഭിക്കാൻ കഴിഞ്ഞില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അംബേദ്കർഗ്രാമ വികസന പദ്ധതി 2016-17 ൽ ഉൾപ്പെട്ട മറ്റത്തൂർ പഞ്ചായത്തിലെ കാവനാട് പട്ടികജാതി കോളനിയിലെ ഭരണാനുമതി ലഭ്യമായ പ്രവർത്തികൾ പൂർത്തീകരിച്ചു. മുരിക്കിങ്ങൽ കോളനിയിലെ പൈപ്പ് ലൈൻ നിർമ്മാണം ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. |
| (ബി) | പ്രസ്തുത പട്ടികജാതി കോളനികളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾക്കായി അതാത് കോളനികളിൽ യോഗം നടത്തി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റിൽ അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കാവനാട്, മുരിക്കിങ്ങൽ കോളനികളുടെ പുതിയ പ്രവൃത്തികൾ ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ